പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 334

14.07.2015-ൽ മറുപടിയ്ക്ക്

# വൈദ്യുതി വിതരണ ശൃംഖലയിലൂടെയുള്ള നഷ്ടം.

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. ഇ. എസ്. ബിജിമോൾ :<br>ശ്രീ. സി. ദിവാകരൻ :<br>ശ്രീ. കെ. രാജു :<br>ശ്രീ. ചിറ്റയം ഗോപകുമാർ : | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വൈദ്യുതി വിതരണ ശൃംഖലയിലൂടെയുള്ള നഷ്ടം കുറക്കുന്നതിനു എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി വരുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നത് എന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്ത് വൈദ്യുതി വിതരണ ശൃംഖലയിലുള്ള നഷ്ടത്തെ സാങ്കേതിക നഷ്ടമെന്നും (Technical loss) വാണിജ്യ നഷ്ടമെന്നും (Commercial loss) രണ്ടായി തരംതിരിച്ചിരിക്കുന്നു. പ്രസരണ വിതരണ ലൈനുകളിലൂടെയും ട്രാൻസ്ഫോർമറുകളിലൂടെയും വൈദ്യുതി പ്രസരിക്കുമ്പോഴുണ്ടാകുന്ന നഷ്ടത്തെയാണ് സാങ്കേതിക നഷ്ടമായി കണക്കാക്കുന്നത്. വൈദ്യുതി മോഷണം, കേടായ മീറ്ററുകൾ വഴി വീടുകളിൽ വൈദ്യുതി കൃത്യമായി രേഖപ്പെടുത്താത്തതും ബില്ലിംങ്ങിൽ വരുന്ന തെറ്റുകളും വാണിജ്യ നഷ്ടമായി കണക്കാക്കുന്നു.<br>സാങ്കേതിക നഷ്ടം കുറയ്ക്കുന്നതിന് താഴെ പറയുന്ന വിവിധ പദ്ധതികൾ ബോർഡ് നടപ്പിലാക്കിവരുന്നുണ്ട്.<br>(1) കൂടുതൽ എച്ച്.ടി. ലൈനുകൾ സ്ഥാപിച്ച് എച്ച്.ടി./എൽ.ടി. അനുപാതം മെച്ചപ്പെടുത്തുക.<br>(2) കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് എൽ.ടി. ലൈനുകളിലുള്ള ഊർജ്ജ നഷ്ടം കുറയ്ക്കുക..<br>(3) എച്ച്.ടി. ലൈനുകളിലും എൽ.ടി. ലൈനുകളിലും പഴയ കണ്ടക്ടർ മാറ്റി പുതിയ കണ്ടക്ടർ സ്ഥാപിക്കുക.<br>(4) സിസ്റ്റം പവർ ഫാക്ടർ മെച്ചപ്പെടുത്തുക.<br>(5) കൂടുതൽ സബ്സ്റ്റേഷനുകളും പ്രസരണ ലൈനുകളും സ്ഥാപിക്കുക.<br>വിതരണ ശൃംഖലയിലുള്ള വാണിജ്യ നഷ്ടം കുറയ്ക്കുന്നതിന് താഴെ പറയുന്ന വിവിധ പദ്ധതികൾ ബോർഡ് നടപ്പിലാക്കിവരുന്നു.<br>(1) കേടായ മീറ്ററുകളും ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകളും മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ |

സ്ഥാപിക്കുക.

(2) ബോർഡിന്റെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് കൂടുതൽ കാര്യക്ഷമമാക്കുക.

(3) ഉപഭോക്താക്കളുടെ ബിൽ നൽകുന്നതും, റവന്യൂ കളക്ഷനും, കമ്പ്യൂട്ടർവത്കരിക്കുക.

(4) എനർജി ഓഡിറ്റ് (ഫീഡർ തലത്തിലും ട്രാൻസ്ഫോർമർ തലത്തിലും) കൂടുതൽ വ്യാപകമാക്കുക.

2001-02 മുതൽ 2013-14 വരെയുള്ള കാലയളവിൽ ബോർഡ് സാങ്കേതിക നഷ്ടം കുറയ്ക്കുന്നതിനുവേണ്ടി ഏകദേശം 2356 സർക്യൂട്ട് കിലോമീറ്റർ ഇ.എച്ച്.ടി.ലൈനുകളും, 181 ഇ.എച്ച്.ടി. സബ്സ്റ്റേഷനുകളും, 26,000 സർക്യൂട്ട് കിലോമീറ്റർ ഇ.എച്ച്.ടി.ലൈനുകളും, 89500 സർക്യൂട്ട് കിലോമീറ്റർ എൽ.ടി. ലൈനുകളും, 33500 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചിട്ടുണ്ട്.

കൂടാതെ ഈ കാലയളവിൽ വാണിജ്യ നഷ്ടം കുറയ്ക്കുന്നതിനായി 78 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുകയും, വൈദ്യുതി മോഷണം നടത്തിയ തിന് ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനങ്ങൾ വഴി മോഷണം നടത്തിയതിന് പിഴയായി 158 കോടി രൂപ ഈടാക്കിയിട്ടുമുണ്ട്.

(ബി) ഈ പദ്ധതികൾ വിജയകരമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഈ പദ്ധതികൾ വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നു വെളിപ്പെടുത്തുമോ ;

(ബി) ഉണ്ട്. മേൽ പറഞ്ഞ നടപടികൾ വഴി വൈദ്യുതി ബോർഡ് 2001-02 കാലയളവിലെ പ്രസരണ വിതരണ നഷ്ടമായ 30.76 ശതമാനത്തിൽ നിന്ന് 2013-14 കാലയളവിൽ 14.96 ശതമാനമായി കുറയ്ക്കുക വഴി ഏകദേശം 1639 കോടി രൂപ വൈദ്യുതി വാങ്ങൽ ഇനത്തിൽ കുറവ് വരുത്തുന്നതിന് ബോർഡിന് സാധിച്ചിട്ടുണ്ട്.

2014-15 വർഷത്തിൽ ഏകദേശം 361 സർക്യൂട്ട് കിലോമീറ്റർ ഇ.എച്ച്.ടി.ലൈനുകളും, 27 പുതിയ സബ്സ്റ്റേഷനുകളും, 2565 സർക്യൂട്ട് കിലോമീറ്റർ 11kV ലൈനുകളും, 3780 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും 11 ലക്ഷം കേടായ മീറ്ററുകളും മാറ്റി സ്ഥാപിക്കുന്നതിനും ബോർഡ് ലക്ഷ്യമിട്ടിരുന്നു.

കൂടാതെ 2015-16 വർഷത്തിലേക്ക് ഏകദേശം

295 സർക്യൂട്ട് കിലോമീറ്റർ ഇ.എച്ച്.ടി.ലൈനുകളും, 15 പുതിയ സബ്സ്റ്റേഷനുകളും, 2800 സർക്യൂട്ട് കിലോമീറ്റർ 11kV ലൈനുകളും, 3300 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും 4000 സർക്യൂട്ട് കിലോമീറ്റർ പുതിയ എൽ.ടി. ലൈനുകളും 8 ലക്ഷം കേടായ മീറ്ററുകളും മാറ്റി സ്ഥാപിക്കുന്നതിനും ബോർഡ് ലക്ഷ്യമിട്ടിട്ടുണ്ട്.

മേൽ നടപടികൾ വഴി വൈദ്യുതി പ്രസരണ വിതരണ നഷ്ടം കുറയ്ക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ.